റ്റ് ശ്രീ ബിഷേശ്വർ സിംഹ് ഇപ്പോൾ മണിപ്പുരിൽ നിയമവിധേയമായ രാഷ്ട്രീയപ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഇതിനർത്ഥം, ഈ പ്രദേശത്ത് ഉയർത്തപ്പെട്ട കലാപക്കൊടികളാകെ എല്ലാം വലിച്ചു താഴ്ത്തപ്പെട്ടു എന്നല്ല, കലാപകാരികൾ ഇപ്പോഴും ജനങ്ങളെ ഭീഷണിപ്പെടുത്തി നികുതിയും സംഭാവനകളും പിരിക്കുകയും, തങ്ങൾക്ക് സംരക്ഷണം നൽകാൻ ജനങ്ങളെ നിർബന്ധിതരാക്കുകയും ചെയ്തുവരുന്നുണ്ട്. എങ്കിലും മിസോറമിൽ കലാപം ഒതുങ്ങിയാൽ, അതിന്റെ ഫലം ത്രിപുരയിലും നാഗലാൻഡിലും മണിപ്പുരിലും, വടക്കു കിഴക്ക് അതിർത്തിപ്രദേശത്തു മുഴുവൻ, അനുഭവപ്പെടാതിരിക്കുകയില്ല.

ഇന്ത്യയ്ക്കകത്തുള്ള ഗോത്രവർഗക്കാരുടെ കലാപങ്ങൾക്കു പുറമേ, ബംഗ്ലാദേശിലെ അസ്വസ്ഥതകളും വടക്കു–കിഴക്ക് അതിർത്തിപ്രദേശത്തു ക്രമസമാധാനസ്ഥാപനത്തിനു തടസ്സമുണ്ടാക്കുന്നുണ്ട്. 'ചക്മകൾ' എന്നറിയപ്പെടുന്ന ബുദ്ധമതക്കാരായ ഗോത്രവർഗക്കാർ ബംഗ്ലാദേശിൽ നിന്നു തള്ളിപ്പുറത്താക്കപ്പെടുകയാണ്. ഇവർ ഇന്ത്യയിലേക്കു പ്രവഹിക്കുന്നതു് ഈ പ്രദേശത്തു നിരന്തരം അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു. ഇന്ത്യയോടു് ബംഗ്ലാദേശും ബർമ്മയും സഹകരിച്ചാൽ മാത്രമേ ഇവിടെ പൂർണ്ണമായ സമാധാനം നിലവിൽവരികയുള്ളു.

മിസോറം ഒരു സ്റ്റേറ്റ് ആയിക്കഴിഞ്ഞാൽ, അതിന്റെ തലസ്ഥാനമായ ഐസോളിൽ ഒരു ഹൈക്കോടതി സ്ഥാപിക്കപ്പെടും. ഇപ്പോൾ മിസോറമിലെ നീതിന്യായവ്യവസ്ഥ അസമിൽ ഗുവാഹാട്ടിയിലെ ഹൈക്കോടതിയുടെ നിയന്ത്രണത്തിലാണ്.

സ്റ്റേറ്റ് ആവുന്നതോടൊപ്പം, ഈ പ്രദേശത്തെ ഭൂമിക്കുമീതെ പൂർണമായ അധികാരം കേന്ദ്രത്തിൽനിന്നു സ്റ്റേറ്റിലേക്കു കൈമാറപ്പെടും. മിസോറമിൽ മണ്ണിനടിയിൽ ധാരാളം എണ്ണയുണ്ടെന്നാണു കരുതപ്പെടുന്നതു്. അതു കുഴിച്ചെടുക്കുന്നതിനു് ഈ അധികാരക്കൈമാററം തടസ്സം സൃഷ്ടിച്ചേക്കാമെന്ന ആശങ്ക ഇതിനകം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. നാഗാലാൻഡിൽ ഈ തടസ്സം ഇപ്പോൾത്തന്നെ അനുഭവപ്പെടുന്നുണ്ട്. ഭരണഘടനയുടെ അടിസ്ഥാനച്ചട്ടക്കൂടിനെതിരാണ് ദില്ലിയിൽ ജൂൺ 30–ാം തീയതി ഇന്ത്യാഗവണ്മെൻറും ശ്രീ ലാൽഡെംഗയും ചേർന്നു് ഒപ്പുവെച്ച ഒത്തുതീർപ്പു് എന്നും ആക്ഷേപമുണ്ടായിട്ടുണ്ട്.

മിസോറമിലെ സംഭവവികാസങ്ങളിൽ ഉദ്ബുദ്ധമായ താല്പര്യം ഓരോ ഇന്ത്യൻ പൗരനും ഉണ്ടായിരിക്കണം. ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ ഈ സംഭവവികാസങ്ങൾക്കു നിർണായകമായ പങ്ക് ഉണ്ടായിരിക്കും.

(2 ജൂലൈ, 1986)

# 42. ഗോർഖാലാൻഡ്

ഖാലിസ്ഥാൻവാദംപോലെതന്നെ ഇന്ത്യയുടെ ഭദ്രതയ്ക്കും അഖണ്ഡതയ്ക്കും സ്വാസ്ഥ്യത്തിനും ഭംഗംവരുത്തിയേക്കാവുന്ന ഒന്നാണ് ഗോർഖാലാൻഡ് വാദം. 1986 മെയ് 12, 13, 14 തീയതികളിൽ നടന്ന ഡാർജിലിങ് ബന്ദും, അതിനോടനുബന്ധിച്ചുണ്ടായ അക്രമപ്രവർത്തനങ്ങളും, അവയെ അമർച്ച ചെയ്യാൻ അതിർത്തി രക്ഷാസേന നടത്തിയ വെടിവെപ്പും ആണ് ഗോർഖാലാൻഡ് വാദത്തിന്റെ മാറെറാലികൾ ഇന്ത്യയുടെ മററു ഭാഗങ്ങളിൽ എത്തിച്ചതെങ്കിലും, ഗോർഖകൾക്കു പ്രത്യേകമായി ഒരു

സംസ്ഥാനം വേണമെന്ന ആവശ്യത്തിന് ഏതാണ്ട് എട്ട ദശാബ്ദങ്ങളുടെ പഴക്കമുണ്ട്.

നേപ്പാളി ഭാഷ സംസാരിക്കുന്ന ഹിന്ദുക്കളാണ് 'ഗോർഖ' അല്ലെങ്കിൽ 'ഗൂർഖ' എന്ന പേരിൽ അറിയപ്പെടുന്നത്. ഇന്ത്യയുടെ വടക്കു കിഴക്കേ അതിർത്തിയിൽ ഇന്ത്യക്കും ചൈനയ്ക്കുമിടയിൽ, ഹിമാലയ പർവതനിരകളിൽ കിടക്കുന്ന നേപ്പാളം, ഭൂട്ടാൻ എന്നീ സ്വതന്ത്രരാജ്യങ്ങളിലും, 1975—ൽ ഇന്ത്യയിൽ ലയിച്ചുകഴിഞ്ഞ സിക്കിമിലും, ഇവയോടു തൊട്ടുള്ള അസം, മേഘാലയം, ബംഗാളം, ബീഹാർ, ഉത്തരപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും ധാരാളം ഗോർഖകൾ തലമുറകളായി പാർത്തു വരുന്നു. ഇന്ത്യയിൽ ആകെ എൺപതുലക്ഷം ഗോർഖകൾ ഉണ്ടെന്നാണ് ഒരു കണക്ക്. ഇവരിൽ, അറുപതുലക്ഷം ഗോർഖകൾ ഇന്ത്യയിൽ പിറന്ന്, ഇന്ത്യയിൽ വളരുന്നവരാണത്രേ.

ബംഗാൾ സംസ്ഥാനത്തിൽപ്പെട്ട ഡാർജിലിങ് എന്ന ഹിമാലയൻ സുഖവാസകേന്ദ്രം തലസ്ഥാനമാക്കി, ഗോർഖകൾക്ക് ഭൂരിപക്ഷമുള്ളതും, ഡാർജിലിങ്, കുർസിയോങ്, കലിംപോങ് എന്നീ സബ്ഡിവിഷനുകൾ അടക്കം രണ്ടായിരത്തഞ്ഞൂററമ്പത്താറു ചതുരശ്ര കിലോമീററർ വിസ്താരവും പതിന്നാലുലക്ഷം ജനങ്ങളും ഉള്ളതുമായ ഒരു സംസ്ഥാനം ഇന്ത്യൻ യൂണിയനകത്ത് സ്ഥാപിക്കണമെന്നതാണ് ഇപ്പോഴത്തെ ഗോർഖാലാൻഡ് വാദത്തിന്റെ സാരാംശം. ഇതോടൊപ്പം, ഇന്ത്യൻ ഭരണഘടനയിൽ ഉൾക്കൊള്ളിച്ച ഭാഷകളുടെ പട്ടികയിൽ നേപ്പാളി ഭാഷകൂടി ഉൾപ്പെടുത്തണമെന്ന ആവശ്യവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഗോർഖാലാൻഡ് എന്ന ആവശ്യത്തെ അക്രമാത്മകമായ പ്രക്ഷോഭണപരിപാടികളുമായി ഇതിനകം കൂട്ടിയിണക്കിക്കഴിഞ്ഞിട്ടുള്ള ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ട് (ഗോർഖ ദേശീയവിമോചന മുന്നണി—ജി. എൻ. എൽ. എഫ്.) എന്ന സംഘടന ഇന്ത്യക്കകത്ത് ഗോർഖാലാൻഡ് എന്ന ഒരു സംസ്ഥാനം രൂപവൽക്കരിക്കുന്നതുകൊണ്ട് തൃപ്തിപ്പെടുമെന്ന് നിരീക്ഷകർ വിശ്വസിക്കുന്നില്ല. ഗോർഖാലാൻഡ് സംസ്ഥാനം സ്ഥാപിച്ചുകിട്ടിയശേഷം പഞ്ചാബിൽ സിഖുകാർ ചെയ്യുമാതിരി ഗോർഖാലാൻഡും അതിനോടു തൊട്ടുകിടക്കുന്ന അസമിലെയും ബംഗാളിലെയും ബീഹാറിലെയും ഉത്തർപ്രദേശിലെയും ഏതാനും ഭാഗങ്ങളും സിക്കിമും നേപ്പാളിനോടു ചേർത്ത് ഒരു സ്വതന്ത്രരാഷ്ട്രമായ 'ബൃഹത് നേപ്പാളം' നിലവിൽവരുത്തുകയാണ് ഗോർഖാലാൻഡ് വാദികളുടെ ആത്യന്തിക ലക്ഷ്യം എന്ന് കരുതപ്പെടുന്നു. തങ്ങളുടെ ഉദ്ദേശ്യം നേടുന്നതിനായി ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ട് ഇതിനകം ഇന്ത്യയ്ക്കു പുറത്തു നേപ്പാളം, അമേരിക്ക, സോവിയററ് റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ രാജ്യങ്ങളുടെയും ഐക്യരാഷ്ട്രസംഘടനയുടെയും സഹായം അപേക്ഷിച്ചുകഴിഞ്ഞിട്ടുണ്ട്. ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ടിന്റെ നേതൃത്വം സ്വീകരിക്കുന്ന ആയിരക്കണക്കിനു ഗോർഖകൾ ചെറുസംഘങ്ങളായി തിരിഞ്ഞ് ഇന്ത്യയിൽ പലേടത്തും സിക്കിമിലും, നേപ്പാളിലും, ഇപ്പോൾത്തന്നെ ആയുധപരിശീലനം നേടിവരുന്നുണ്ടെന്നും കരുതപ്പെടുന്നു. ഏതാനും മാസങ്ങൾക്കകമോ, ഏറിയാൽ 1987—ാമാണ്ട് അവസാനിക്കുന്നതിനു മുമ്പിലോ, ഗോർഖാലാൻഡ് സ്ഥാപിക്കപ്പെടുന്നില്ലെങ്കിൽ, ഹിമാലയത്തിലെ വെൺമഞ്ഞ് മനുഷ്യച്ചോര വീണ് ചുമക്കുമെന്ന ഭീഷണി നടപ്പിൽ വന്നുകൂടാത്തതല്ല.

ബ്രിട്ടീഷുകാർ ഇന്ത്യൻ സാമ്രാജ്യം സ്ഥാപിച്ച സമ്പ്രദായത്തിൽത്തന്നെ ഗോർഖാലാൻഡിന്റെ വേരുകൾ അടങ്ങിയിരിക്കുന്നു. പത്തൊമ്പതാം നൂററാണ്ടിൽ ബ്രിട്ടീഷുകാർക്ക് ഹിമാലയത്തിനപ്പുറത്ത് നേരി

ഥനങ്ങളായിരുന്നതു് സുശക്തമായ ചൈനയല്ല, ദുർബലമായ തിബത്തായിരുന്നു. ഹിമാലയത്തിനു് ഇപ്പുറത്തുള്ള നേപ്പാഠം, ഭൂട്ടാൻ, സിക്കിം എന്നീ നാട്ടുരാജ്യങ്ങളെ കീഴടക്കുക ബ്രിട്ടീഷ് സൈന്യത്തിനു് വളരെയൊന്നും പ്രയാസമുള്ള കാര്യമായിരുന്നില്ല. നൂററമ്പത്തൊമ്പതു വർഷം മുമ്പു് സിക്കിമിൽനിന്നു് ഭൂട്ടാൻ പിടിച്ചെടുത്തിരുന്ന കലിംപോങ്ങും ചുററുമുള്ള 486 ചതുരശ്രമൈൽ സ്ഥലവും 1865—ൽ ഭൂട്ടാനിൽനിന്നു് ബ്രിട്ടീഷുകാർ കൈവശലാക്കി. ഡാർജിലിങ്ങും ചുററുമുള്ള 770 ചതുരശ്രമൈൽ സ്ഥലവും ഉഠംക്കൊള്ളുന്ന പ്രദേശം സിക്കിം നാട്ടുരാജ്യത്തിൽനിന്നാണു്, 1839—ൽ ബ്രിട്ടീഷുകാർക്കു കിട്ടിയതു്. സിക്കിമിൽനിന്നു് നേപ്പാളികഠം പിടിച്ചെടുത്തിരുന്ന ദേബ്ഗോങ്ങ്, തിതാല്യ എന്നീ പ്രദേശങ്ങഠം 1816—ലെ സന്ധിയുടെ ഫലമായി ബ്രിട്ടീഷുകാക്കു കിട്ടി. 'ഗോർഖാലാൻഡിൻെറ ഹൃദയം' ആയിരിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് ഈ സ്ഥലങ്ങളാണു്.

ബ്രിട്ടീഷുകാർക്കു കിട്ടുമ്പോഠം ഈ പ്രദേശങ്ങളിൽ ജനവാസം വിരളമായിരുന്നു. നേപ്പാളിഭാഷ സംസാരിക്കുന്ന ഹിന്ദുക്കളായ ഗോർഖകളായിരുന്നില്ല, പല തിബത്തൻ ഭാഷകഠം സംസാരിക്കുന്നവരും ബുദ്ധമതവിശ്വാസികളുമായ ഭൂട്ടിയകളും ലേപ്ചകളും മററു ഗിരിവർഗക്കാരും ആയിരുന്നു ഇവിടെ അന്നു പാർത്തിരുന്നതു്. ഈ പ്രദേശത്തു് തേയിലത്തോട്ടങ്ങഠം ഉണ്ടായപ്പോഠം അവയിൽ ജോലിചെയ്യുന്നതിനായി ഗോർഖകളെ നേപ്പാളിൽനിന്നു് ബ്രിട്ടീഷുകാർ കൊണ്ടുവന്നു. 1872 മുതൽ 1881 വരെയുള്ള ഒമ്പതു വർഷങ്ങളിൽ ഡാർജിലിങ്പ്രദേശത്തിലെ ജനങ്ങളിൽ അറുപത്തിനാലു ശതമാനത്തോളം ഗോർഖകളായിത്തീർന്നു. ഇപ്പോഠം ഈ പ്രദേശത്തു് എഴുപത്തഞ്ചു ശതമാനത്തിലേറെ ജനങ്ങഠം ഗോർഖകളാണു്.

1907—ൽ ഡാർജിലിങ് പ്രദേശം ഇപ്പോഠം ബീഹാറിലുള്ള ഭാഗൽപൂർ ജില്ലയോടു ചേർക്കപ്പെട്ടു. ആ സമയത്തുതന്നെ ഡാർജിലിങ് ഒരു പ്രത്യേക ഭരണപ്രദേശമാക്കണമെന്ന ആവശ്യം ഗോർഖകഠം ഉന്നയിച്ചു. ഈ ആവശ്യം 1919—ൽ വീണ്ടും ശക്തിയാർജിച്ചു. 1942—ൽ മലബാറിൽ 'മാപ്പിളസ്ഥാൻ' സ്ഥാപിക്കണമെന്നു വാദിച്ചിരുന്ന കാലത്തു് കമ്യൂണിസ്റ്റ്പാർട്ടി ഡാർജിലിങ്ങിൽ ഗോർഖാസ്ഥാനുവേണ്ടിയും വാദിച്ചു. ഈ വാദം പിന്നീടു് മാർക്സിസ്റ്റ്പാർട്ടിയും ഏതാനും കോൺഗ്രസ്സുകാരും ഇടയ്ക്കിടെ ആവർത്തിച്ചുപോന്നിട്ടുണ്ടു്. ഇന്ത്യയ്ക്കു് സ്വാതന്ത്ര്യം കൈവന്ന അവസരത്തിൽ, ഡാർജിലിങ് പ്രദേശം ബംഗാളിൽനിന്നു വിടർത്തി അസം സംസ്ഥാനത്തോടു ചേർക്കുവാനാണു് പല ഗോർഖാ നേതാക്കളും ഇഷ്ടപ്പെട്ടതു്. അതേസമയം, ഈ പ്രദേശമാകെ, അന്നു് ഒരു നാട്ടുരാജ്യമായിരുന്ന സിക്കിമിൽ ലയിപ്പിക്കണമെന്ന ആവശ്യവും ഉയർന്നുവന്നു. സിക്കിമിലെ നാടുവാഴിയുടെ പത്നിയായിരുന്ന അമേരിക്കക്കാരി ഇരുപതു വർഷങ്ങഠംക്കുശേഷവും അന്താരാഷ്ട്രീയതലത്തിൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ടിരുന്നു. 1956—ൽ ഇന്ത്യൻ സംസ്ഥാനങ്ങഠം ഭാഷ—അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചപ്പോഠം, ഡാർജിലിങ് കേന്ദ്രമാക്കി ഒരു പ്രത്യേക ഗോർഖാ സംസ്ഥാനം രൂപവൽക്കരിക്കണമെന്ന ആവശ്യം നിരാകരിക്കപ്പെടുകയാണുണ്ടായതു്. 1975—ൽ സിക്കിം നാട്ടുരാജ്യം ഇന്ത്യയിൽ ലയിക്കുകയും ഇന്ത്യൻ യൂണിയനിലെ ഒരു സംസ്ഥാനമായിത്തീരുകയുംചെയ്തു. സിക്കിമിൽ ഇപ്പോഠം ഭൂരിപക്ഷം നേപ്പാളി(ഗോർഖ)കഠംക്കാണു്. ഇപ്പോഴത്തെ മുഖ്യമന്ത്രി നാർ ബഹാദൂർ ഭണ്ഡാരി ഗോർഖാലാൻഡ് വാദക്കാക്കു് ധനസഹായം നൽകിവരുന്നതായി ആരോപണമുണ്ടു്. ഭണ്ഡാരിയുടെ മാതൃഭാഷ നേപ്പാളിയാണു്. ഗോർഖാലാൻഡിനുവേണ്ടിയുള്ള വാദം,

ഉപരിതലത്തിൽ, ബംഗാളികളുടെ ആധിപത്യത്തിനെതിരായ വാദമാകുന്നു. ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ടിൻെറ 'ബുദ്ധിവിഭാഗ'ത്തിൻെറ പ്രസിഡണ്ടായ ഖർഗ ബഹാദൂർ ലാമ 1986 ജൂൺ 18-ലെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ എഴുതി:

'വെസ്റ്റ്' ബംഗാളിലെ ഇടതുപക്ഷമുന്നണിയുടെ മൂന്നു നടപടികൾ നിമിത്തമാണ് ഗോർഖാലാൻഡ് പ്രക്ഷോഭണം ഉണ്ടായതു്.

1. 'ഒരു ജില്ലയുടെ ഒരു ഉപവിഭാഗം(സബ്ഡിവിഷൻ) അടുത്തുള്ള മറെറാരു ജില്ലയോടു കൂട്ടിച്ചേർത്തു് അവർ സിലിഗുരി ജാൽപൈഗുരി വികസന അഥോറിററി സ്ഥാപിച്ചു.

2. 'ഡാർജിലിങ് കുന്നിൻപ്രദേശങ്ങൾക്ക് 'പ്രാദേശികസ്വയംഭരണം' അനുവദിക്കുന്ന ഒരു ബില്ല് പാസ്സാക്കി.

3. 'ഡാർജിലിങ് ജില്ലയിലെ ഏററവും ചെറിയ ഉപവിഭാഗം ആയ സിലിഗുരി ഒരു നഗരമായി പ്രഖ്യാപിക്കാൻ തയ്യാറെടുത്തു. ഡാർജിലിങ്ങിലെ കുന്നിൻപ്രദേശങ്ങളെ ഒററപ്പെടുത്താനുള്ള ഒരു ഗൂഢാലോചനയാണ് ഈ നടപടികൾ.

'തന്ത്രപ്രാധാന്യമുള്ള ഈ പ്രദേശത്തു്, ഇറക്കുമതിചെയ്ത ഒരാദർശ സംഹിതയ്ക്കും കീഴടങ്ങാതെ, സ്വയം ഭരിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന പാവപ്പെട്ട ജനങ്ങളാണ് ഞങ്ങൾ. ബുദ്ധിമാന്മാരായ ബംഗാളികളുമായുള്ള മത്സരത്തിൽ ഞങ്ങൾക്ക് അതിജീവിക്കാൻ കഴിയുകയില്ലെന്നു്, മുപ്പത്തൊമ്പതു വർഷത്തെ സ്വാതന്ത്ര്യത്തിനുശേഷം, വ്യക്തമായിരിക്കുന്നു.

'മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയും ഗോർഖകളും തമ്മിലുള്ള ഒരു യുദ്ധമാണ് ഇപ്പോഴത്തെ പ്രക്ഷോഭണം. മിസ്റ്റർ ഘൈസിങ് ഒരു വമ്പിച്ച ജനക്കൂട്ടത്തെ കൊണ്ടുവന്നു് എഴുപത്തിരണ്ടു മണിക്കൂർ നേരം ഡാർജിലിങ് സ്തംഭിപ്പിച്ചപ്പോൾ മാർക്സിസ്റ്റ് പാർട്ടി ഒന്നാംവട്ടം തോററു. ബംഗാൾ മുഖ്യമന്ത്രി ജ്യോതിബസു ബന്ധമില്ലാത്ത പല പ്രസ്താവനകളും നടത്തുന്നുണ്ടു്. അദ്ദേഹം കൂടുതൽ വിവേകത്തോടെ പ്രവർത്തിക്കാത്തപക്ഷം എങ്ങും അക്രമങ്ങൾ ഉണ്ടാവും.

'സിലിഗുരി വ്യാപാരകേന്ദ്രമായും, ജാൽപൈഗുരി തേയില വ്യവസായകേന്ദ്രമായും, കൂച്ച്ബിഹാർ ശിശിരകാല തലസ്ഥാനവും വിദ്യാഭ്യാസകേന്ദ്രവുമായും ഒരു പ്രത്യേക സംസ്ഥാനം രൂപവൽക്കരിക്കണമെന്നു മാത്രമാണ് ഞങ്ങളുടെ (ഗോർഖകളുടെ) ആവശ്യം. ഇന്നത്തെ ബംഗാൾ നിയമസഭയിലെ മുന്നൂറു് അംഗങ്ങൾക്കിടയിൽ ഈ പ്രദേശങ്ങളിൽനിന്നുള്ള ഒരു ഡസനോളം എം. എൽ. എ. മാർ മുങ്ങിപ്പോകുന്നതിനു പകരം, ഗോർഖാലാൻഡ് സംസ്ഥാനത്തിൽ, തൊണ്ണൂറു് അംഗങ്ങളുള്ള നിയമസഭയിൽ, ഓരോ ജില്ലയിൽനിന്നും ചുരുങ്ങിയതു് മുപ്പതു വീതം പ്രതിനിധികളെങ്കിലും ഉണ്ടായിരിക്കും.'

ബംഗാളികളുടെ ആധിപത്യത്തിനെതിരാകയാൽ ഗോർഖാലാൻഡിനുവേണ്ടിയുള്ള വാദത്തെ, ബംഗാളിലെ ഐക്യമുന്നണി ഭരണകൂടത്തിനു നേതൃത്വം നൽകുന്ന മാർക്സിസ്റ്റ്പാർട്ടി ഇപ്പോൾ എതിർക്കുന്നുണ്ടു്. എന്നാൽ, മാർക്സിസ്റ്റ്പാർട്ടിയിൽനിന്നു വിട്ടുപോയ നക്സലൈററുകളുടെ പല ഗ്രൂപ്പുകളും ഗോർഖാലാൻഡ് വാദത്തെ സക്രിയമായി അനുകൂലിക്കുന്നതായി കരുതപ്പെടുന്നു. മാർക്സിസ്ററ്പാർട്ടിയെ എതിർക്കുന്നതിനുവേണ്ടി, ദീർഘവീക്ഷണമില്ലാത്ത പല ബംഗാൾ കോൺഗ്രസ്സുകാരും ഗോർഖാലാൻഡ് വാദത്തിൻെറ അഗ്നികുണ്ഡത്തിൽ കൂടെക്കൂടെ നെയ്യൊഴിച്ചുകൊടുക്കുന്നുമുണ്ടു്.

അയൽസംസ്ഥാനമായ മേഘാലയത്തിലുണ്ടായ ചില സംഭവവികാസങ്ങളാണ് ഇക്കഴിഞ്ഞ മേയ് മാസത്തിൽ ഗോർഖാലാൻഡ് പ്ര

ക്ഷോഭണം പെട്ടെന്ന് ആളിക്കത്താൻ കാരണം. വിദേശികളെ പുറത്താക്കുന്നതിന് അസമിൽ നടന്നുവന്ന പ്രക്ഷോഭണം വിജയിച്ചിരിക്കുകയാണല്ലോ? ഇതിനെത്തുടർന്ന്, മേഘാലയത്തിലെ അഖില മേഘാലയ വിദ്യാർത്ഥി യൂണിയൻ, ഖാസി വിദ്യാർത്ഥി യൂണിയൻ എന്നീ സംഘടനകൾ തങ്ങളുടെ സ്റ്റേറ്റിൽനിന്നു മറുനാട്ടുകാരെ പുറംതള്ളുന്നതിനുള്ള ഒരു പ്രക്ഷോഭണം ആരംഭിച്ചിട്ടുണ്ട്. ഈ പ്രക്ഷോഭണത്തിന്റെ ഫലമായി പാവപ്പെട്ട ഒട്ടേറെ നേപ്പാളി കൂലിക്കാർ മേഘാലയത്തിൽനിന്ന് അടുത്തകാലത്തു പുറംതള്ളപ്പെടുകയുണ്ടായി. നേപ്പാളികളെ പുറംതള്ളുകയെന്നത് ഒരു ലക്ഷ്യമായി അസം ഗവണ്മെന്റും അംഗീകരിച്ചിട്ടുണ്ട്. ഗോർഖാ ദേശീയ വിമോചന മുന്നണി ഇങ്ങനെ പുറത്താക്കപ്പെട്ട ഗോർഖകളുടെ സഹായത്തിനെത്തിയതിൽ അസാധാരണമായി ഒന്നുമില്ല.

ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയ്ക്കുള്ള ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമാണ് നേപ്പാൾ. രണ്ടു തവണ യുദ്ധത്തിൽ തോല്പിച്ചെങ്കിലും, നേപ്പാളിനെ ബ്രിട്ടീഷുകാർ പിടിച്ചടക്കി തങ്ങളുടെ കീഴിലാക്കുകയുണ്ടായില്ല. ഇന്ത്യ സ്വാതന്ത്ര്യം നേടിയശേഷം, 1950-ൽ നേപ്പാളും ഇന്ത്യയും ഒപ്പുവെച്ച ഒരു ഉടമ്പടിപ്രകാരം ഇന്ത്യൻ പൗരന്മാർക്ക് നേപ്പാളിലും നേപ്പാൾ പൗരന്മാർക്ക് ഇന്ത്യയിലും, വോട്ടവകാശമൊഴികെയുള്ള മറ്റെല്ലാ പൗരാവകാശങ്ങളുമുണ്ട്. ഇന്ത്യക്കാർക്ക് നേപ്പാളിലും നേപ്പാളികൾക്ക് ഇന്ത്യയിലും ഇഷ്ടംപോലെ പാർക്കുകയോ, ഭൂസ്വത്തു വാങ്ങുകയോ, കച്ചവടംചെയ്യുകയോ, തൊഴിലെടുക്കുകയോ, സഞ്ചരിക്കുകയോ, ഒക്കെ ആവാം. അതിനാൽ, മേഘാലയത്തിൽനിന്നോ, അസമിൽനിന്നോ നേപ്പാളികളെ വിദേശികളെന്നു പറഞ്ഞ് ഓടിക്കുന്നതിനു യാതൊരു ന്യായീകരണവുമില്ല. പക്ഷേ, ന്യായം ആർ നോക്കുന്നു?

സിഖുകാരെപ്പോലെ ഗോർഖകളും ജന്മനാ യുദ്ധവീരന്മാരാണെന്നു പരിഗണിക്കപ്പെട്ടിരുന്നു. ശത്രുക്കളുടെ അടുത്തു ചെന്ന് 'കൈയോടു കൈ' പൊരുതുന്നതിൽ ഗോർഖകളെപ്പോലെ വീറുള്ളവർ വേറെയില്ലെന്നാണ് ഇംഗ്ലീഷുകാർ കരുതിവന്നത്. പ്രത്യേകിച്ചും പർവതപ്രദേശങ്ങളിലെ യുദ്ധത്തിന് ഗോർഖകൾ കിടയറ്റവരായിരുന്നു. മലപ്പുറം കുന്നുകളിൽ മലബാർ ലഹള അമർച്ചചെയ്തത് ഗോർഖകളായിരുന്നു. വിശ്വസ്തരായ കാവൽക്കാരുമായിരുന്നു ഗോർഖകൾ. സിഖുകാരുടെ കൃപാണംപോലെ ഗോർഖകളുടെ 'കുക്രി' എന്ന വളഞ്ഞ കത്തി, ഭീഷണമായ ഒരായുധമാണെന്നു കണക്കാക്കപ്പെട്ടിരുന്നു.

ഒരു സ്വതന്ത്രരാഷ്ട്രമായിരുന്ന നേപ്പാളിലെ പൗരന്മാരെ ബ്രിട്ടീഷുകാർ ധാരാളമായി സ്വന്തം പട്ടാളത്തിൽ ചേർത്തിരുന്നു. ഇതിനായി, അന്നത്തെ നേപ്പാളിലെ ഭരണാധികാരികളുമായി അവർ ഉണ്ടാക്കിയിരുന്ന ഉടമ്പടികൾ ഇന്ത്യാഗവണ്മെന്റും തുടർന്നുവന്നു. ഇതനുസരിച്ച്, ഇന്ത്യയിൽ ജനിച്ചു വളർന്ന, ഇന്ത്യൻ പൗരത്വമുള്ള, ഗോർഖകൾ പട്ടാളത്തിൽ ചേരുമ്പോൾ നേപ്പാൾ പൗരരാണു തങ്ങളെന്നു പ്രഖ്യാപിക്കുകയും, ഇതിന്റെ സൂചനയായി നേപ്പാൾ രാജാവിനു കാണിക്കവെയ്ക്കുകയും വേണം. ഇതിനർത്ഥം, ഇന്ത്യൻ പൗരരായ ഗോർഖകളെ ഇന്ത്യാഗവണ്മെന്റ് നേപ്പാളി പൗരന്മാരായി കണക്കാക്കിവരുന്നു എന്നുതന്നെയാണ്. ഇതുകൊണ്ടുകൂടിയാണ്, ഇന്ത്യൻ ഭരണഘടനയിൽ ചേർത്തിട്ടുള്ള ഭാഷകളുടെ പട്ടികയിൽ 'നേപ്പാളി' ഉൾപ്പെടുത്താത്തത്. നേപ്പാളി ഒരു വിദേശഭാഷയാണെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയായിരിക്കെ മൊറാർജി ദേസായി ചെയ്ത പ്രസ്താവന പ്രസിദ്ധമാണ്. ഇതൊക്കെക്കാരണം, ഇന്ത്യയിൽ തങ്ങളുടെ പദവി എന്തായിരിക്കുമെന്ന കാര്യത്തിൽ ഗോർഖകൾക്ക് പരക്കെ ആശങ്കയുണ്ട്.

സ്വാതന്ത്ര്യലാഭത്തിനുശേഷം, ബ്രിട്ടീഷുകാരുടെ മേൽനോട്ടത്തിലു ണ്ടായിരുന്ന തേയിലത്തോട്ടങ്ങൾ ഇന്ത്യക്കാരുടെ കൈകളിലേക്കു പക ർന്നതോടെ, അവ ക്രമികമായി അധഃപതിച്ചുവരികയാണ്. ഇതു നിമി ത്തം ഡാർജിലിങ്ങിലും പരിസരങ്ങളിലും ഒട്ടനവധി ഗോർഖകൾക്കു തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. അനിയന്ത്രിതമായ വനവിധ്വംസനവും ഗോർഖകളുടെ ദാരിദ്ര്യം വർദ്ധിപ്പിച്ചിരിക്കുന്നു. ഹിമാലയമേഖല കളിൽ വിദ്യാഭ്യാസം വേഗത്തിൽ വ്യാപിച്ചുവരികയാണ്. കോളേജുക ളുടെ എണ്ണം അവിടെയും പെരുകിവരുന്നു. ഒരു യൂണിവേഴ്സിററിയും അവിടെ നിലവിൽവന്നിട്ടുണ്ട്. ഇതിൻഫലമായി, തൊഴിലില്ലാത്ത വരും അഭ്യസ്തവിദ്യരുമായ ഗോർഖചെറുപ്പക്കാരുടെ എണ്ണം ആണ്ടോ ടാണ്ട് ഏറിക്കൊണ്ടിരിക്കുകയാണ്. തൊഴിലില്ലാത്ത ഈ യുവാക്കളെ സംഘടിപ്പിക്കുകയും ആയുധപരിശീലനം നൽകുകയുമെന്നതു പ്രയാസ മുള്ള കാര്യമല്ല. സിഖുകാർക്കിടയിലെന്നപോലെ ഗോർഖകൾക്കിട യിലും സർവീസിൽനിന്നു പിരിഞ്ഞുവന്ന സൈനികർക്കു് ഒരു ക്ഷാമവു മില്ലതാനും.

ഗോർഖകളുടെ രോഷവും അതൃപ്തിയും ഉപയോഗപ്പെടുത്തി, 'ഗോർ ഖലാൻഡ്' എന്ന ലക്ഷ്യം മുൻനിർത്തി അവരെ സംഘടിപ്പിക്കുന്നതി നു സമർത്ഥനായ ഒരു നേതാവ് അവരിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഒരു മുൻ പട്ടാളക്കാരനായ സുഭാസ് ഘൈസിങ് ആണ് ഈ നേതാവ്. ഡാർജിലിങ്ങിൽ 'ജലപഹാർ' എന്ന സ്ഥലത്ത് ഒററ മുറിമാത്രമുള്ള ഒരു വീട്ടിൽ താമസിക്കുന്ന ഘൈസിങ് പതിനാറോ, പതിനേഴോ നോവലു കൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു സാഹിത്യകാരൻകൂടിയാ ണ്. 1936-ൽ ഡാർജിലിങ്ങിൽ ഒരു ചായത്തോട്ടത്തിലെ ഗൃഹസ്ഥ ന്റെ മകനായി പിറന്ന ഘൈസിങ്ങിനു ബാല്യത്തിൽത്തന്നെ മാതാപി താക്കൾ നഷ്ടപ്പെട്ടു. ഘൈസിങ്ങിന്റെ ജ്യേഷ്ഠൻ അസമിൽ ഒരു കോൺട്രാക്ടർ ആണ്.

ഡാർജിലിങ്ങിൽ ഒരു സ്കൂളിൽ ഒമ്പതാം ക്ലാസ്സിൽ പഠിച്ചുകൊ ണ്ടിരിക്കേ, 1954-ൽ ഘൈസിങ് ഇന്ത്യൻ സൈന്യത്തിലെ ഗോർഖാ റെജിമെൻറിൽ ഒരു ശിപായിയായി ചേർന്നു. പഞ്ചാബിൽ സേവന മനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾ, 1958-ൽ, അദ്ദേഹം പഞ്ചാബ് സർവ കലാശാലയുടെ മെട്രിക്കുലേഷൻപരീക്ഷ പാസ്സായി. 1960-ൽ ഘൈ സിങ് പട്ടാളത്തിൽനിന്നു പിരിഞ്ഞു. ഒരു വർഷത്തോളം ഡാർജിലി ങ്ങിൽ ഒരു പ്രൈമറി സ്കൂളിൽ മാസം 39 രൂപ ശമ്പളത്തിന് അദ്ധ്യാ പകജോലിനോക്കി. 'അഖിലേന്ത്യാ ഗോർഖാ ലീഗ്' എന്ന സംഘട നയുടെ യുവജനവിഭാഗമായ 'തരുണ സംഘ'ത്തിൽ 1964-ൽ ചേർന്ന തോടെ ഘൈസിങ്ങിന്റെ രാഷ്ട്രീയജീവിതം ആരംഭിച്ചു. 1968-ൽ ഘൈസിങ് 'തരുണസംഘം' വിട്ട് 'നേപ്പാളിപാർട്ടി' രൂപവല്കരി ച്ചു. 1976-ൽ അടിയന്തിരാവസ്ഥക്കാലത്ത് ഘൈസിങ്തന്നെ ഈ പാർട്ടി പിരിച്ചുവിട്ടു.

ഗോർഖകൾക്ക് ഒരു സംസ്ഥാനം ആവശ്യപ്പെട്ടുകൊണ്ട് ഘൈ സിങ് പിന്നീട് ആരംഭിച്ച 'പ്രാന്തസംഘ്', 'പ്രാന്തീയമോർച്ച' എന്നീ സംഘടനകൾ ഏറെക്കാലം പ്രവർത്തിച്ചില്ല. എന്നാൽ, 1980 ഏപ്രി ലിൽ അദ്ദേഹം സ്ഥാപിച്ച 'ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ട്' വളരെ വേഗം ഗോർഖകൾക്കിടയിൽ വേരുപിടിച്ചു വളർന്നു. ഇപ്പോൾ ഡാർജിലിങ് പ്രദേശത്തു മുഴവൻ ഈ സംഘടനയ്ക്കു വലിയ സ്വാധീനമു ണ്ട്. സമരോത്സുകരായ, 25,000-ത്തിലേറെ വരുന്ന, ഒരു ജനക്കൂട്ടത്തെ തെരുവിലിറക്കാൻ ഈ സംഘടനയ്ക്കു സാധിക്കുമെന്ന് ഇക്കഴിഞ്ഞ മെയ് മാസത്തിലെ ഡാർജിലിങ് ബന്ദ് തെളിയിക്കുകയുണ്ടായി.

ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ടിനുവേണ്ടി പണം പിരിക്കുന്നതിനുള്ള ഒരു മാർഗം 'ഗോർഖാലാൻഡ് കലൻഡർ' വില്പനയാണ്. ഒരു കോപ്പിക്ക് എട്ടു രൂപ വിലയുള്ള ഈ കലൻഡറിന്റെ 20,000 പ്രതികളിലേറെ 1986—ൽ വിൽക്കുകയുണ്ടായത്രേ. ഘൈസിങ്ങിന്റെ പ്രസംഗങ്ങരം രേഖപ്പെടുത്തിയ കാസ്സറ്റുകളാണ് ഫ്രണ്ടിന്റെ പ്രചാരവേലയുടെ ഒരു പ്രധാന ഉപകരണം. മുപ്പതു രൂപ വിലയ്ക്കു വിൽക്കുന്ന ഈ കാസ്സറ്റുകരം ഡാർജിലിങ്ങിൽ എങ്ങും കിട്ടും. സമർത്ഥനായ പ്രാസംഗികനാണ് ഘൈസിങ്. ഡാർജിലിങ് പ്രദേശത്തു റോഡുകരം നന്നാവണമെങ്കിൽ, ചായത്തോട്ടങ്ങരം പുനരുദ്ധരിക്കപ്പെടണമെങ്കിൽ, പൈപ്പിൽ വെള്ളം ഒഴുകണമെങ്കിൽ, അഭ്യസ്തവിദ്യർക്കു ജോലി കിട്ടണമെങ്കിൽ, വിദേശീയ സന്ദർശകർ ഡാർജിലിങ്ങിലേക്കു പ്രവഹിക്കണമെങ്കിൽ, എന്തിനും, ആദ്യമായി വേണ്ടതു് ഗോർഖാലാൻഡ് എന്ന പ്രത്യേക സംസ്ഥാനം രൂപവൽക്കരിക്കുകയാണെന്ന ദൃഢവിശ്വാസം നിരക്ഷരരും അർദ്ധസാക്ഷരരും പൂർണസാക്ഷരരുമായ ഗോർഖാവിഭാഗങ്ങളിൽ സ്ത്രീകളിലും പുരുഷന്മാരിലും ഒരുപോലെ, ഉളവാക്കുവാൻ ചുരുങ്ങിയ കാലത്തിനകം ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ടിനും അതിന്റെ നേതാവായ സുഭാസ് ഘൈസിങ്ങിനും സാധിച്ചിരിക്കുന്നു.

പരിസ്ഥിതികരം, സംഘടന, നേതാവു് എല്ലാം ഒത്തുവന്നിരിക്കുന്നു. ഇനി കാലം കൂടി പാകപ്പെടുകയേ വേണ്ടൂ.

ഇന്ത്യയിൽ വളരെ കുച്ചു് ആളുകരം മാത്രം സംസാരിക്കുന്ന സിന്ധിഭാഷയെ ഭരണഘടനയിലെ ഭാഷകളുടെ പട്ടികയിൽ ഉരംക്കൊള്ളിച്ചിട്ടുണ്ടു്. ആ സ്ഥിതിക്കു്, നേപ്പാളി ഭാഷയെക്കൂടി ആ പട്ടികയിൽ ചേർക്കണമെന്ന വാദത്തെ ഏറെ നാരം കേട്ടില്ലെന്നു നടിക്കാൻ സാധിക്കുകയില്ല. ആന്ധ്രപ്രദേശം ഉണ്ടായതോടെ, ഭാഷാടിസ്ഥാനമാക്കി സംസ്ഥാനങ്ങരം രൂപവൽക്കരിക്കുകയെന്ന തത്വം രാഷ്ട്രം അംഗീകരിച്ചുകഴിഞ്ഞു. അതിനാൽ നേപ്പാളി ഭാഷ സംസാരിക്കുന്നവർക്കു ഭൂരിപക്ഷമുള്ള ഒരു സംസ്ഥാനം ഇന്ത്യയിൽ രൂപവൽക്കരിക്കണമെന്ന വാദം ന്യായയുക്തമല്ലെന്നു തള്ളിക്കളയാനാവില്ല. നാഗാലാൻഡ്, മേഘാലയം എന്നിവപോലെയുള്ള നന്നെ ചെറിയ സംസ്ഥാനങ്ങരം രൂപവൽക്കരിക്കപ്പെട്ടിരിക്കെ, ഇവയേക്കാരം വലിപ്പമുണ്ടാവേണ്ട ഗോർഖാലാൻഡ് സ്ഥാപിക്കാതിരിക്കുന്നതിനു് എന്തു യുക്തിയാണുള്ളതു്? ഗോർഖാലാൻഡ് എന്ന സംസ്ഥാനം രൂപവൽക്കരിക്കപ്പെട്ടാൽ അതു ക്രമത്തിൽ ഇന്ത്യയിൽ നിന്നു വിട്ടു് നേപ്പാളിൽ ലയിക്കുമെന്ന ആശങ്ക ഉറക്കെ പറയാൻ കൊള്ളാവുന്ന ഒന്നാണോ? ലക്ഷക്കണക്കിനു് ഇന്ത്യൻ പൗരന്മാരുടെ ദേശഭക്തിയെ ചോദ്യം ചെയ്യലാവില്ലേ അതു്?

ഗോർഖാലാൻഡ് സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി നേപ്പാളികരം കുക്രി ഉറയിൽനിന്നു് ഊരി പടക്കളത്തിലിറങ്ങിക്കഴിഞ്ഞാൽ, പിന്നീടു് പട്ടാളത്തെ ഉപയോഗിച്ചു് അവരെ അമർച്ചചെയ്യുകയെന്നതു പ്രയാസമായിരിക്കും. സിഖ് ഭീകരപ്രവർത്തകർക്കു് പഞ്ചാബിൽ കൈവന്നുകൊണ്ടിരിക്കുന്ന ഭാഗികമായ വിജയം, അത്തരമൊരു സാഹസത്തിലേക്കു് ഗോർഖകളെ നയിച്ചുകൂടെന്നില്ല. അക്രമത്തിന്റെ മുമ്പിൽ ഇന്ത്യയിലെ കേന്ദ്ര ഭരണകൂടവും സംസ്ഥാനഗവണ്മെൻറുകളും മുട്ടുമടക്കുകയേയുള്ളൂ എന്ന ധാരണ ശക്തിപ്പെടുത്തുന്നവയാണല്ലോ, നിർഭാഗ്യവശാൽ, അടുത്ത കാലത്തു് ഈ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങരം.

പ്രക്ഷോഭണം അതിരുവിട്ടു വളരുംമുമ്പു് ഗോർഖകളുടെ പ്രശ്നങ്ങരം സഹാനുഭൂതിയോടെ കാണാനും, രാഷ്ട്രത്തിന്റെ മുഴുവൻ ദീർഘ

കാല താൽപര്യങ്ങളെ മുൻനിർത്തി, ന്യായാനുസൃതമായും നിയമത്തിനകത്തും അവയ്ക്കു പരിഹാരം ഉണ്ടാക്കാനുമുള്ള വിവേകം കേന്ദ്രത്തിലും ബംഗാൾ സംസ്ഥാനത്തിലുമുള്ള രാഷ്ട്രീയനേതൃത്വങ്ങൾക്ക് ഉണ്ടാവുമോ? ഉണ്ടാവുമോ?

(20 ജൂൺ, 1986)

## 43. കൊങ്കണി

ദേവനാഗരി ലിപിയിൽ എഴുതപ്പെടുന്ന കൊങ്കണി കേന്ദ്രഭരണപ്രദേശമായ ഗോവയിലെ ഭരണഭാഷയായിരിക്കണമെന്ന് അവിടത്തെ മന്ത്രിസഭ 1986 ജൂലൈ 5–ാം തീയതി തീരുമാനിച്ചു. അതേസമയം, മറാഠി ഭാഷയ്ക്ക് ഗോവയിലെ എല്ലാ ഔദ്യോഗികപ്രസിദ്ധീകരണങ്ങളിലും മുൻഗണന നൽകുന്നതുമായിരിക്കും. ഗോവയോടു ചേർത്തു ഭരിക്കപ്പെടുന്നതും ഗുജറാത്തിന്റ് അതിർത്തിക്കുള്ളിൽ കിടക്കുന്നതുമായ ദമൻ, ദിയു എന്നീ പ്രദേശങ്ങളിൽ ഗുജറാത്തിയായിരിക്കും ഭരണഭാഷ. ഇന്നത്തെ മാതിരി ഇംഗ്ലീഷിന്റെ ഉപയോഗവും അവിടെ തുടർന്നുപോകും. ഇതു സംബന്ധിച്ച ഒരു ബിൽ ജൂലൈ 14–ാം തീയതി ആരംഭിക്കുന്ന ഗോവ നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്.

ഗോവയെ മഹാരാഷ്ട്രസംസ്ഥാനത്തിലും ദമൻ–ദിയുപ്രദേശങ്ങളെ ഗുജറാത്ത് സംസ്ഥാനത്തിലും ലയിപ്പിക്കണമെന്നു വാദിക്കുന്ന ഒരു രാഷ്ട്രീയകക്ഷി ഗോവയിലുണ്ട്—മഹാരാഷ്ട്രവാദി ഗോമന്തക് പാർട്ടി. കൊങ്കണിയെ ഗോവയിലെ ഭരണഭാഷയാക്കുന്നതിനു് ഇവർ എതിരാണ്. കൊങ്കണി ഒരു സ്വതന്ത്രഭാഷയല്ലെന്നും, മറാഠിയുടെ ഒരു പ്രാദേശികരൂപം (ഡയലക്റ്റ്) മാത്രമാണ് അതെന്നും ഇവർ കരുതുന്നു. എന്നാൽ, പ്രാമാണികരായ ഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നത് കൊങ്കണി ഇൻഡോ–ആര്യൻ കുടുംബത്തിൽപ്പെട്ട ഒരു സ്വതന്ത്രഭാഷയാണെന്നത്രേ. കൊങ്കണിയിലെ വിഭക്തിവ്യവസ്ഥയ്ക്കു മറാഠിയോടുള്ളതിനേക്കാൾ അടുപ്പം ഹിന്ദിയോടാണ്.

ഇന്ത്യയുടെ പശ്ചിമതീരത്തിലെ ഏതാനും പ്രദേശങ്ങളെയാണ് 'കൊങ്കണം' എന്നു വിളിച്ചിരുന്നത്. ഏഴ് കൊങ്കണങ്ങളെപ്പറ്റി പുരാണങ്ങളിൽ പറയുന്നുണ്ട്. കൊങ്കണത്തിന്റെ കേന്ദ്രപ്രദേശമായിരുന്നിരിക്കാം ഗോവ അഥവാ ഗോമന്തകം. കൊങ്കണപ്രദേശത്തിന്റെ പേരാണ് ഇപ്പോൾ നൽകപ്പെട്ടിരിക്കുന്നതെങ്കിലും, കൊങ്കണിഭാഷയുടെ ഉല്പത്തി, ചരിത്രാതീതകാലത്തു പഞ്ചാബിലൂടെ ഒഴുകി രാജസ്ഥാനിലെ മരുഭൂമിയിൽച്ചെന്നു വററിപ്പോയ സരസ്വതീനദിയുടെ തീരത്ത് എവിടെയോ ആയിരുന്നുവെന്നു വിശ്വസിക്കുന്നവർ കുറവല്ല. ഐതിഹ്യങ്ങളനുസരിച്ച്, സരസ്വതീനദീതീരത്തുനിന്ന് ബീഹാറിലെ (മഗധത്തിലെ) തിർഹുത്(തീരഭുക്തി)പ്രദേശത്തേക്കും അവിടെനിന്നു പടിഞ്ഞാറെ കടൽത്തീരത്തുള്ള ഗോവയിലേക്കും കുടിയേറിപ്പാർത്ത, ബ്രാഹ്മണരും അബ്രാഹ്മണരും അടങ്ങുന്ന, സാരസ്വതരുടെ മാതൃഭാഷയാണ് കൊങ്കണി. ഇപ്പോൾ മഹാരാഷ്ട്ര സംസ്ഥാനത്തിലെ സാവന്ത്‌വാഡി, ഗോവ, കർണാടകസംസ്ഥാനത്തിലെ കാർവാർ എന്നീ പ്രദേശങ്ങളിൽ ഭൂരിഭാഗം ജനങ്ങളും കൊങ്കണി സംസാരിക്കുന്നു. 1971–ലെ ജനഗണനപ്രകാരം കൊങ്കണി സംസാരിക്കുന്നവരുടെ ആകെ എണ്ണം പതിനഞ്ചേകാൽ ലക്ഷത്തിൽ താഴെ (15, 22, 684) ആയിരുന്നു. ഈ കണക്കു ശരിയ